MIN/210321/OAA Date: 21/03/2021

## ദാറുൽഹുദാ അക്കാദമിക് കൗൺസിൽ മീറ്റിംഗ് റിപ്പോർട്ട്

ദാറുൽഹുദാ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് പുന:ക്രമീകരിച്ച കൗൺസിലിന്റെ ആദ്യ യോഗം 07-03-2021 ഞായറാഴ്ച ഉച്ചക്ക് 2 മണി മുതൽ വാഴ്സിറ്റിയുടെ അഡ്മിൻ ഓഫീസിൽ ചേർന്നു. കൗൺസിലിന്റെ പരിധിയിൽ ഉണ്ടായിരുന്ന സെക്കന്ററി, സീനിയർ സെക്കന്ററി വിഷയങ്ങൾ പുതുതായി രൂപീകരിച്ച ബോർഡിന്റെ കീഴിലായിരിക്കുമെന്നും വാഴ്സിറ്റിയുടെ ഡിഗ്രി, പിജി കോഴ്സുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് കൗൺസിലിന്റെ ഉത്തരവാദിത്വമെന്നും ആമുഖ ഭാഷണത്തിൽ രജിസ്ട്രാർ അംഗങ്ങളെ അറിയിച്ചു.

കൗൺസിൽ അംഗങ്ങളുടെ പരിചയപ്പെടുത്തലുകൾക്ക് ശേഷം അധ്യക്ഷൻ ബഹു. വൈസ് ചാൻസലർ ഉസ്താദ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി യോഗത്തെ അഭിസംബോധന ചെയ്തു. ആധുനികതയെ ഇസ്‌ലാമിക സംസ്കാരത്തോടൊപ്പം ചേർത്തുള്ള വിദ്യാഭ്യാസ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും അംഗങ്ങൾ പങ്കുവെക്കണമെന്ന് ബഹു. വി.സി ആവശ്യപ്പെട്ടു.

ശേഷം അജണ്ടയിൽ വിശദമായ ചർച്ച നടന്നു.

**1. മുൻ യോഗ റിപ്പോർട്ട് അവലോകനം**

മുൻ യോഗ റിപ്പോർട്ടിലെ പ്രധാന ഭാഗങ്ങൾ രജിസ്ട്രാർ അവതരിപ്പിച്ചു. യോഗ തീരുമാനങ്ങളെല്ലാം നടപ്പിൽവരുത്തിയതായി വിലയിരുത്തി.

**2. ദാറുൽഹുദാ ഡിഗ്രി പ്രോഗ്രാമിന്റെ ഘടന**

ഡിഗ്രിയിൽആരംഭിക്കുന്ന ഡിപ്പാർട്ട്മെന്റ് സംവിധാനത്തിന്റെ ഘടനയും രൂപരേഖയും രജിസ്ട്രാർ അവതരിപ്പിച്ചു. നിലവിലെ അഞ്ച് കുല്ലിയ്യകളും ചുരുങ്ങിയത് 2 വീതം പേപ്പറുകൾ മുഴുവൻ വിദ്യാർഥികളും പഠിക്കേണ്ട കോർ കോഴ്സായും, ഓരോ ഡിപ്പാർട്ട്മെന്റും അതിലെ വിദ്യാർഥികൾ മാത്രം പഠിക്കേണ്ട ഒരു ഇലക്ടീവ് പേപ്പറും ഓഫർ ചെയ്യുന്ന രീതിയിലാണ് ഡിഗ്രി പ്രോഗ്രാം. ഓരോ കുല്ലിയ്യക്കും രണ്ട് കോർ കോഴ്സുകൾക്കുമായി ആഴ്ചയിൽ 8 വീതം പിരിയഡുകളും, കുല്ലിയ്യത്തുല്ലുഗക്ക് ഇംഗ്ലീഷ്, ഉർദു ഭാഷകൾ കൂടെ ഉള്ളതിനാൽ 12 പിരിയഡുകളുമായിരിക്കും അനുവദിക്കുക. ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികൾ ആകെ 13 പേപ്പറുകളായിരിക്കും പഠിക്കേണ്ടിവരിക. ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ 6 പിരിയഡുകളും അനുവദിച്ചിട്ടുണ്ട്.

| TOTAL | PERIOD | KULLIYYAHS |
|---|---|---|
| 8 | 4 | كلية القرآن والسنة |
| | 4 | |
| 8 | 4 | كلية الشريعة |
| | 4 | |
| 8 | 4 | كلية أصول الدين |
| | 4 | |
| 8 | 4 | كلية العلوم الاجتماعية |
| | 4 | |



Hidaya Nagar, Chemmad, P.B.No.: 3, P.O.Tirurangadi, Dt. Malappuram, Kerala, India- 676306
Ph: +91 494 2464502, 2463155, Fax: 2460575, E-Mail: dhiuniversity@gmail.com, mail@dhiu.info, Web: www.darulhuda.com

|  |  |  |
|---|---|---|
| 12 | 3 | كلية اللغات (العربية، أردو، English) |
|  | 3 |  |
|  | 3 |  |
|  | 3 |  |
| 4 | 4 | التخصّص |
| 6 | 6 | Departmental Activities |
| 54 | 54 | Total |

**2.1** ഡിഗ്രി പ്രോഗ്രാം ഘടനയുമായി ബന്ധപ്പെട്ട് അംഗങ്ങൾ അഭിപ്രായങ്ങൾ പങ്കുവെക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്തു.

**2.1.1** വിദ്യാർഥികളുടെ ചോയ്സ് അനുസരിച്ചാണോ അതോ ദാറുൽഹുദായുടെ അലോട്ട്മെന്റ് അനുസരിച്ചാണോ ഡിഗ്രി പ്രവേശനത്തിന്റെ മാനദണ്ഡം എന്ന് ഡോ. സുബൈർ ഹുദവി ചേകനൂർ ചോദിച്ചു. വിദ്യാർഥികളിൽ നിന്ന് ഓപ്ഷനുകൾ സ്വീകരിച്ച് ലഭ്യമായ സീറ്റുകളുടെ എണ്ണത്തിനനുസരിച്ച് ദാറുൽഹുദായിൽനിന്ന് അലോട്ട് ചെയ്യുന്ന രീതിയാണ് സ്വീകരിക്കുകയെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു.

**2.1.2** മറ്റു യൂണിവേഴ്സിറ്റികളിൽ ആദ്യ വർഷങ്ങളിൽ കുറച്ചും അവസാന വർഷം കൂടുതലും സ്പെഷ്യലൈസേഷൻ പേപ്പറുകളാണ് ഉണ്ടാവാറുള്ളത് അതിനാൽ, ദാറുൽഹുദായിലും അവസാന വർഷം കൂടുതൽ ഇലക്ടീവ് പേപ്പറുകൾ ലഭിക്കുന്ന രീതിയിൽ തയ്യാറാക്കിയാൽ സ്പെഷ്യലൈസേഷന് പ്രാധാന്യം ലഭിക്കാനിടയുണ്ടെന്ന് ഡോ. കെ.ടി ഹാരിസ് ഹുദവി അഭിപ്രായപ്പെട്ടു. ഭൗതിക സ്ഥാപനങ്ങളിൽ ഉള്ള അതേ രീതി നമുക്ക് സാധ്യമല്ലെന്നും ദാറുൽഹുദായുടെ ലക്ഷ്യങ്ങൾക്ക് അനുയോജ്യം നിലവിൽ തയ്യാറാക്കിയ ഘടനയാണെന്നും ഡോ. ഫൈസൽ ഹുദവി മാരിയാട് വിലയിരുത്തി. ഇലക്ടീവ് പേപ്പറുകൾക്ക് പുറമേ ഓരോ കുല്ലിയ്യയും നൽകുന്ന കോർ കോഴ്സായ രണ്ട് പേപ്പറുകൾ കൂടിയാവുന്നതോടെ ഓരോ സെമസ്റ്ററിലും മൂന്ന് വീതം (ആകെ 18 പേപ്പറുകൾ) വിദ്യാർഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് രജിസ്ട്രാർ വിശദീകരിച്ചു. ഒരു ബാച്ച് ഡിഗ്രി പൂർത്തിയാക്കുമ്പോൾ പേപ്പറുകളുടെ എണ്ണം അവസാന വർഷം കൂടുതലായി ലഭിക്കുംവിധം ഘടന പുനഃക്രമീകരിക്കാവുന്നതാണെന്ന് രജിസ്ട്രാർ നിർദേശിച്ചു.

**2.1.3** പി.ജി പ്രവേശനത്തിന് ഏതെങ്കിലും ഡിഗ്രി മതിയോ എന്ന ഡോ. സുബൈർ ഹുദവിയുടെ ചോദ്യത്തിന് ഏതെങ്കിലും ഡിഗ്രി മതിയെന്നും ഓരോ ഡിപ്പാർട്ട്മെന്റിലെയും പ്രവേശനത്തിന് കാര്യക്ഷമമായ വൈവ ഉണ്ടായിരിക്കുമെന്നും പി.ജിയിൽ ഡിപ്പാർട്ട്മെന്റ് മാറി വരുന്ന വിദ്യാർഥികൾക്ക് ചില പ്രീ റിക്വിസൈറ്റ് കോഴ്സ് പഠിക്കേണ്ടതായി വരുമെന്നും രജിസ്ട്രാർ മറുപടി പറഞ്ഞു.

**2.1.4** ദാറുൽഹുദായുടെ പരമ്പരാഗത ഡിഗ്രി സംവിധാനത്തിൽനിന്ന് എന്ത് മാറ്റമാണുണ്ടാവുക എന്ന് ഡോ. സുബൈർ ഹുദവി അന്വേഷിച്ചു. നിലവിലുള്ള എല്ലാ വിഷയങ്ങളും പഠിക്കുന്നതോടൊപ്പം നിശ്ചിത ഡിപ്പാർട്ട്മെന്റിൽ സ്പെഷ്യലൈസേഷൻ നടത്താൻ വിദ്യാർഥികൾക്ക് കഴിയുമെന്നും എല്ലാ കുല്ലിയ്യകളുടെയും കോർ കോഴ്സുകൾ പഠിപ്പിക്കുന്നതിലൂടെ ദാറുൽഹുദായുടെ മത-ഭൗതിക സമന്വയം ഡിഗ്രി-പിജി തലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാനാവുമെന്നും രജിസ്ട്രാർ മറുപടി നൽകി.

**2.1.5** ഡിസേർട്ടേഷൻ ഉണ്ടാവുമോ എന്ന് ഡോ.കെ.ടി ഗഫൂർ ഹുദവി ചോദിച്ചു. ഡിഗ്രി മൂന്നാം സെമസ്റ്ററിൽ തുടങ്ങി ആറാം സെമസ്റ്ററിൽ അവസാനിക്കുന്ന രീതിയിൽ ഡിസേർട്ടേഷൻ നേരത്തേ തുടങ്ങിയിട്ടുണ്ടെന്നും, പുതിയ സംവിധാനത്തിൽ ഒന്നുകൂടി കാര്യക്ഷമമാക്കുമെന്നും രജിസ്ട്രാർ വിശദീകരിച്ചു.

**2.1.6** നിലവിലെ ദിനേന 9 പിരീഡ് എന്ന രീതി മാറുമോ എന്ന ചോദ്യത്തിന് ഇല്ലെന്നും പഴയ സമാജം പിരീഡുകൾ ഉണ്ടാവില്ലെന്നും പകരം ഡിപ്പാർട്ട്മെന്റ് ആക്ടീവിറ്റികൾക്കുള്ള 6 പിരീഡുകൾ ഉണ്ടായിരിക്കുമെന്നും രജിസ്ട്രാർ മറുപടി നൽകി.

2.1.7 ഡിഗ്രിയിൽ ഫീൽഡ് വർക്കുകൾ വേണമെന്നും കേവലം യാത്രകൾ എന്നതിലുപരി ഇന്റേൺ ഷിപ്പ് ആയിരിക്കണം ഇവയുടെ ലക്ഷ്യമെന്നും ഡോ. സുബൈർ ഹുദവി ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് അംഗങ്ങൾ വിവിധ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

2.1.8 എക്സ്റ്റേണൽ ഡിഗ്രി വിഷയങ്ങൾ പഠിപ്പിക്കാനായി പിരീഡുകൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് അംഗങ്ങൾ ചോദിച്ചു. ഡിപ്പാർട്ട്മെന്റൽ ആക്ടീവിറ്റിക്കുള്ള 6 പിരീഡുകളിൽ ഡിഗ്രി കൂടി പഠിപ്പിക്കേണ്ടതാണെന്ന് രജിസ്ട്രാർ വിശദീകരിച്ചു. വിദ്യാർഥികൾ തെരഞ്ഞെടുക്കുന്ന വിഷയങ്ങൾക്ക് വീഡിയോ ക്ലാസുകൾ റെക്കോഡ് ചെയ്തു ഓൺലൈനായി പഠിക്കാനുള്ള അവസരം ഒരുക്കിയാൽ ഭാവിയിൽ ഉപകാരപ്പെടുമെന്ന് ഡോ. കെ.ടി ജാബിർ ഹുദവി അഭിപ്രായപ്പെട്ടു.

2.1.9 സ്പെഷ്യലൈസേഷൻ ഏരിയകളിൽ ചെറിയ വ്യത്യാസമുണ്ടെങ്കിലും എല്ലാ വിദ്യാർഥികൾക്കും ഏറെക്കുറെ സമാനമായ കോഴ്സാണ് ലഭിക്കുന്നതെന്നും ഇതിന പരിഹാരമായി പി.ജിയിൽ സ്പെഷ്യലൈസേഷൻ പേപ്പറുകൾ വർധിപ്പിക്കാമെന്നും, ഫീൽഡ് വർക്കും ഡിസേർട്ടേഷനും യോജിപ്പിക്കുന്നതാണ് നല്ലതെന്നും ഡിപ്പാർട്ട്മെന്റ് ആക്ടീവിറ്റിക്കുള്ള പിരീഡുകൾ വിദ്യാർഥികളുടെ അഭിരുചികൾക്കനുസരിച്ച് ഉപയോഗിക്കാനുള്ള അവസരം നൽകണമെന്നും ഡോ. ടി. അബ്ദുൽ ജലീൽ അഭിപ്രായപ്പെട്ടു. സ്ഥാപനങ്ങൾക്ക് ഡിപ്പാർട്ട്മെന്റുകൾ അനുവദിക്കുന്നത് ക്ലസ്റ്റർ രീതിയിലാക്കി ഫാക്കൽറ്റി കൈമാറ്റം സാധ്യമാക്കിയാൽ മാനേജ്മെന്റിന് സാമ്പത്തിക പ്രയാസങ്ങൾ വരാതെ മികച്ച അധ്യാപകരെ ലഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### 3. ബോർഡ് ഓഫ് സ്റ്റഡീസ് നിർദേശങ്ങൾ അന്തിമമാക്കൽ

ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലുയർന്ന നിർദേശങ്ങളും ഓരോ കുല്ലിയ്യയും ഓഫർ ചെയ്യുന്ന കോർ കോഴ്സും എലക്ടീവ് പേപ്പറുകളും അന്തിമ അംഗീകാരത്തിനായി യോഗത്തിൽ സമർപ്പിച്ചു.

#### 3.1 കുല്ലിയ്യ ഓഫ് ഖുർആൻ ആന്റ് സുന്ന

| كليّة القرآن والسنّة | | |
|---|---|---|
| Core Course | | |
| | قسم القرآن وعلومه | قسم الحديث وعلومه |
| Semester I | تفسير النسفي | سنن النسائي |
| Semester II | صفوة التفاسير | سنن ابن ماجة |
| Semester III | تفسير الكشّاف | جامع الترمذي |
| Semester IV | English Qur'anic interpretations | سنن أبي دؤد |
| Semester V | تفسير البيضاوي | نخبة الفكر (أصول الحديث) |
| Semester VI | تفسير البيضاوي | موطأ ابن مالك |
| | | |
| Elective Course | | |
| | قسم القرآن وعلومه | قسم الحديث وعلومه |
| Semester I | أصول التفسير | تدوين السنّة |
| Semester II | مناهج المفسّرين | مناهج المحدّثين |
| Semester III | علوم القرآن | السيرة |
| Semester IV | إعجاز القرآن | الوضع في الحديث |
| Semester V | نظم القرآن | Modernist approach of Hadith |
| Semester VI | الاستشراق في القرآن | تخريج الحديث |

ഡിഗ്രിയിൽ കുല്ലിയ്യക്ക് കീഴിൽ രണ്ട് ഡിപ്പാർട്ട്മെന്റുകൾ തുടങ്ങുന്നു. ഡിഗ്രി ചെയ്യുന്ന അതേ വിഷയത്തിൽ പി.ജി ചെയ്തില്ലെങ്കിൽ പ്രയാസങ്ങൾ നേരിട്ടേക്കാമെന്ന് ഡീൻ ഡോ. സുഹൈൽ ഹുദവി സൂചിപ്പിച്ചു.

ഖുർആനിലെ ആധുനിക പഠനങ്ങൾ ഡിഗ്രിയിലും ഓറിയന്റലിസം പഠനം പി.ജിയിലും പഠിപ്പിക്കുന്നതാണ് നല്ലതെന്ന് ഡോ. സുബൈർ ഹുദവി അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ് ഭാഷയിൽ ഖുർആൻ പഠിക്കുന്നതിന് നല്ല ഇംഗ്ലീഷ് വിവർത്തനങ്ങൾ അധിക വായനക്ക് നിശ്ചയിക്കാമെന്ന് ബഹു. വൈസ് ചാൻസലർ നിർദേശിച്ചു.

### 3.2 കുല്ലിയ്യ ഓഫ് ശരീഅ

| كليّة الشريعة | | |
|---|---|---|
| Core Course | | |
| | الفقه | أصول الفقه |
| Semester I | شرح المحلّى للمنهاج ١ | خلاصة الفقه الإسلامي |
| Semester II | شرح المحلّى للمنهاج ١ | جمع الجوامع ١ |
| Semester III | شرح المحلّى للمنهاج ٢ | جمع الجوامع ١ |
| Semester IV | شرح المحلّى للمنهاج ٢، ٣ | جمع الجوامع ١ |
| Semester V | شرح المحلّى للمنهاج ٣، ٤ | جمع الجوامع ٢ |
| Semester VI | شرح المحلّى للمنهاج ٤ | جمع الجوامع ٢ |
| | | |
| Elective Course | | |
| | قسم الفقه أصوله | |
| Semester I | تاريخ التشريع الإسلامي | |
| Semester II | المدخل إلى المذهب الشافعي | |
| Semester III | القضايا المعاصرة في العبادات | |
| Semester IV | القواعد الفقهيّة | |
| Semester V | فقه الأسرة | |
| Semester VI | ميراث | |

ഫിഖ്ഹിന് നേരത്തേയുണ്ടായിരുന്ന പിരീഡുകൾ കുറയുന്നതിനാൽ സിലബസിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ടെന്ന് ഡീൻ ഡോ. കെ.പി ജഅ്ഫർ ഹുദവി അറിയിച്ചു. ഇസ്‌ലാമിക് ലീഗൽ സ്റ്റഡീസ് പേപ്പറുകൾ ഇല്ലേ എന്ന് ഡോ. പി.കെ.എം. ജലീൽ ഹുദവി അന്വേഷിച്ചു. ഇലക്ടീവ് പേപ്പറുകൾക്ക് പ്രത്യേകം ടെക്സ്റ്റുകൾ നിർണയിച്ചിട്ടുണ്ടോ എന്ന് ബഹു. വൈസ് ചാൻസലർ ചോദിച്ചു.

താത്പര്യമുള്ള വിദ്യാർഥികൾക്ക് വിദൂര വിദ്യാഭ്യാസം വഴി അഞ്ച് വർഷം കൊണ്ട് എൽ.എൽ.ബി എഴുതാൻ പറ്റിയ സൗകര്യം വിദ്യാർഥികൾക്ക് നൽകിക്കൂടെ എന്ന് ഡോ. ജാബിർ കെ.ടി ഹുദവി എല്ലാ വിദ്യാർഥികളും മുസ്‌ലിം പേഴ്സണൽ ലോയുടെ അടിസ്ഥാനങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ ആവശ്യപ്പെട്ടു. താരീഖുത്തശ്‌രീഅ് എന്ന പേപ്പറിൽ ലീഗൽ പഠനങ്ങളും, ഫിഖ്ഹുൽ മുഖാറനിൽ പേഴ്സണൽ ലോയും ഉൾകൊള്ളിക്കാമെന്നും ഡീൻ ഡോ. കൊളത്തൂർ ജഅ്ഫർ ഹുദവി അറിയിച്ചു. ഫിഖ്ഹുൽ ഉസ്റയിൽ പ്രത്യേക പേപ്പറുകളായി പേഴ്സണൽ ലോയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചേർക്കാമെന്ന് രജിസ്ട്രാർ നിർദേശിച്ചു.

ഉർദു വിദ്യാർഥികൾക്കായി മുഫ്തി കോഴ്സ് ആരംഭിക്കണമെന്ന് ഡോ. സുബൈർ ഹുദവി ആവശ്യപ്പെട്ടു. നിലവിൽ പിജിയിൽ പ്രസ്തുത കോഴ്സ് നൽകുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

### 3.3 കുല്ലിയ്യ ഓഫ് ഉസ്വുലുദ്ദീൻ

| كليّة أصول الدين | | |
|---|---|---|
| | Core Course | |
| | | |
| Semester I | التصوّف | الفلسفة |
| Semester II | الفرق الإسلاميّة | المنطق |
| Semester III | شرح العقائد | المنطق |
| Semester IV | شرح العقائد | المنطق |
| Semester V | كبرى اليقينيّات | الرشيديّة (المناظرة) |
| Semester VI | كبرى اليقينيّات | مقارنة الأديان |
| | | |
| | Elective Course | |
| | قسم العقيدة والفلسفة | |
| Semester I | نشأة التصوّف وتطوّره | |
| Semester II | تاريخ أهل السنّة | |
| Semester III | نشأة المتقدمة والمتأخّرة للفكر الإسلامي | |
| Semester IV | History of Philosophy | |
| Semester V | Orientalism in Theology | |
| Semester VI | | |

Religious Pluralism എന്ന പേപ്പറിൽ എന്താണ് പഠിപ്പിക്കുന്നതെന്ന് ഡോ. ജലീൽ ഹുദവി അന്വേഷിച്ചു. സുന്നത്ത്, ബിദ്അത്ത്, Ethics of Pluralism എന്നിവയാണ് ചർച്ച ചെയ്യുന്നതെന്ന് റശീദ് ഹുദവി അറിയിച്ചു.

മൻഥിഖ് പോലുള്ളവയുടെ പിരീഡ് കുടി ഫിലോസഫിക്ക് നൽകണമെ ന്നാണ് തന്റെ അഭിപ്രായമെന്ന് അബ്ദുർറശീദ് ഹുദവി പറഞ്ഞു. മുനാളറയിൽ റശീദിയ്യക്ക് ശേഷം രചിക്കപ്പെട്ട ഗ്രന്ഥങ്ങളുണ്ടോ എന്ന് ബഹാഉദ്ദീൻ ഉസ്താദ് ആരാഞ്ഞു. ഥൻഥാവിയുടെ അദബുൽ ഹിവാരി ഫിൽ ഇസ്‌ലാം എന്ന ഗ്രന്ഥം ഉപയോഗപ്പെടുത്താമെന്ന് ഉസ്താദ് നിർദേശിച്ചു.

### 3.4 കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസ്

| كليّة العلوم الاجتماعيّة | | |
|---|---|---|
| | Core Course | |
| | History of Islamic Civilization | General Papers |
| Semester I | Islamic Civilization: Later Abbasids to Mamluks | Introduction to Social Sciences |
| Semester II | Islam in Iberian Peninsula | World History upto Medieval Period |
| Semester III | Islam in South and Southeast Asia | History of Muslims in South India and Indian Ocean World |
| Semester IV | Early Ottoman History | Introduction to Political Science |
| Semester V | Later Ottoman History | Social History of Islamic Law |
| Semester VI | Trends & Movements in Contemporary Muslim World | General Psychology |
| | | |

| Elective Course | |
|---|---|
| | قسم الدراسات الحضاريّة |
| Semester I | Theories and Perspectives in Social Sciences |
| Semester II | Islamic Historiography |
| Semester III | Intellectual History |
| Semester IV | Fundamentals of Social Work |
| Semester V | Foundations of Education |
| Semester VI | Introduction to Anthropology of Islam |

കുല്ലിയ്യക്ക് കീഴിൽ പുതുതായി വരുന്ന കോർ കോഴ്സ് പേപ്പറുകളും ഇലക്ടീവ് പേപ്പറുകളും ഡീൻ ഡോ. റഫീഖലി ഹുദവി വിശദീകരിച്ചു. ഫെമിനിസം പരിചയപ്പെടുത്തുന്ന പേപ്പറുകൾ ഉണ്ടോ എന്ന് ഡോ. പി.കെ.എം. ജലീൽ ഹുദവി അന്വേഷിച്ചു. തിയറീസ് ആന്റ് പേസ്പെക്റ്റീവ്സ് ഓഫ് സോഷ്യൽ സയൻസ് പേപ്പറിൽ ഫെമിനിസം ഉൾപെടുത്തുന്നുണ്ടെന്ന് ഡോ. റഫീഖലി ഹുദവി അറിയിച്ചു.

### 3.5 കുല്ലിയ്യ ഓഫ് ലാംഗ്വേജസ്

| كلّيّة اللغات | | | | |
|---|---|---|---|---|
| Core Course | | | | |
| | اللغة العربيّة | البلاغة العربية | English | أردو |
| Semester I | الديوان والعروض | مختصر المعاني | Introduction to English Language & Literature | نکہتِ أدب ١ |
| Semester II | الديوان والعروض | مختصر المعاني | Introduction to English Language & Literature | نکہتِ أدب ١ |
| Semester III | تاريخ الأدب العربي ونقده | مختصر المعاني | Academic Writing and Reading | نکہتِ أدب ٢ |
| Semester IV | الترجمة إلى اللغة العربية | مختصر المعاني | Academic Writing and Reading | نکہتِ أدب ٢ |
| Semester V | الاستماع والأدب العربي في الهند | مختصر المعاني | Englis Language through Movements | نکہتِ أدب ٣ |
| Semester VI | الاستماع والأدب العربي في الهند | مختصر المعاني | Translation | نکہتِ أدب ٣ |

| Elective Course | |
|---|---|
| | قسم اللغة العربيّة وآدابها |
| Semester I | تاريخ النحو والصرف |
| Semester II | أصول النحو والصرف |
| Semester III | المقالة العربية |
| Semester IV | المسرحيات العربية |
| Semester V | بلاغة القرآن |
| Semester VI | فن الصحافة / الشعر والشعراء |

കംപാരറ്റീവ് ലിറ്ററേച്ചർ എന്നതിന് പകരം കൾച്ചറൽ സ്റ്റഡീസ് എന്നാണ് നിലവിൽ ഉപയോഗിക്കാറുള്ളതെന്നും ആയതിനാൽ ഡിപ്പാർട്ട്മെന്റ് ഓഫ് ട്രാൻസ്ലേഷൻസ് ആന്റ് കൾച്ചറൽ സ്റ്റഡീസ് എന്നാക്കുന്നതാണ് നല്ലതെന്ന് ഡോ. ജലീൽ അഭിപ്രായപ്പെട്ടു. വിദ്യാർഥികൾക്ക് ഇന്ത്യൻ ഭരണഘടനയെക്കുറിച്ച സാമാന്യ അവബോധം നൽകണമെന്ന് ഡോ. അബ്ദുർറഹ്മാൻ അരീക്കാടാൻ നിർദേശിച്ചു. നിലവിൽ സെക്കന്ററി, സീനിയർ സെക്കന്ററി ക്ലാസുകളിൽ തന്നെ ഇവ്വിഷയം പ്രതിപാദിക്കുന്നുണ്ടെന്ന് അംഗങ്ങൾ സൂചിപ്പിച്ചു.

യോഗത്തിലുയർന്ന അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിച്ച് പേപ്പറുകൾ അന്തിമമാക്കാൻ കുല്ലിയ്യ ഡീനുമാരെ ചുമതലപ്പെടുത്തി.

**4. വനിതാ കോളേജിലെ ഡിഗ്രി**

കഴിഞ്ഞ അക്കാദമിക് കൗൺസിൽ യോഗത്തിൽ വനിതാ കോളേജിൽ ഡിഗ്രി തുടങ്ങുന്നത് സംബന്ധിച്ച ചർച്ച നടന്നിരുന്നു. സ്ത്രീകളുടെ ഡിഗ്രി സ്വതന്ത്രമായ വനിതാ സൗഹൃദ കോഴ്സാക്കണമെന്ന വനിതാ കോളേജിൽനിന്നുള്ള നിർദേശം ചർച്ച ചെയ്തു. പൊതുവെ കോഴ്സുകളിൽ ആൺ-പെൺ വ്യത്യാസം കാണിക്കാറില്ലെന്നും ഡിഗ്രിയിൽ ആരംഭിക്കുന്ന ഡിപ്പാർട്ട്മെന്റുകളിൽനിന്ന് അനുയോജ്യമായവ ആരംഭിക്കുകയും ഏതെങ്കിലും പേപ്പറുകൾ പ്രത്യേകമായി ഉൾപെടുത്തണമെങ്കിൽ കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസസ് ഓഫർ ചെയ്യുന്ന കോർ പേപ്പറുകളുടെ സ്ഥാനത്ത് പ്രസ്തതു പേപ്പറുകൾ നൽകാമെന്നും ധാരണയായി.

**5. പരീക്ഷാ മാനദണ്ഡം**

ആകെ മാർക്കിന്റെ വലിയൊരു ശതമാനം കരസ്ഥമാക്കുകയും ഏതെങ്കിലുമൊരു വിഷയത്തിൽ മാത്രം പരാജയപ്പെടുകയും ചെയ്തവർക്ക് പ്രൊജക്ടുകൾ നൽകി വിജയിക്കാനാവശ്യമായ മാർക്ക് നൽകുന്നതിനെക്കുറിച്ച് മുൻ കൗൺസിൽ മീറ്റിൽ ചർച്ച ചെയ്തിരുന്നു. എത്ര ശതമാനം മാർക്കുള്ളവർക്കാണ് ഇത് ബാധകമാവുക എന്ന് നിശ്ചയിക്കണമെന്ന് ഡോ. ഇസ്മാഈൽ ഹുദവി ആവശ്യപ്പെട്ടു.

വിജയിക്കാനാവശ്യമായ മാർക്കിന്റെ പകുതിയെങ്കിലും ലഭിക്കുന്നവർക്ക് മറ്റുള്ള എല്ലാ വിഷയത്തിനും 50 ശതമാനം മാർക്കോ, ആകെ മാർക്കിന്റെ 70 ശതമാനമോ ഉണ്ടെങ്കിൽ ഈ ആനുകൂല്യം നൽകാമെന്ന് ധാരണയായി.

കാലഘട്ടത്തിന് വേണ്ടി ജീവിക്കുന്ന സ്ഥാപനമാണ് ദാറുൽഹുദായെന്നും കാലാനുസൃതമായി സിലബസിൽ വേണ്ട മാറ്റങ്ങൾ വരുത്തണമെന്നും യോഗാവസാനം സംസാരിച്ച എം.പി മുസ്ഥഫൽ ഫൈസി ആവശ്യപ്പെട്ടു.

വൈകുന്നേരം 4.15ന് യോഗ നടപടികൾക്ക് പരിസമാപ്തിയായി.

**Approved by:**

**Dr. Bahauddeen Muhammed Nadwi**
**(Vice Chancellor)**

DARUL HUDA ISLAMIC UNIVERSITY
KERALA, INDIA
676 306
CHEMMAD, MALAPPURAM